(സി)

(1) ഇലക്ട്രിക്കൽ സർക്കിൾ, കാസർഗോഡ്, (2) റീജിയണൽ ആഡിറ്റ് ഓഫീസ്, കാസർഗോഡ്, (3) നോഡൽ ഓഫീസ്, കാസർഗോഡ്, (4) ഇലക്ട്രിക്കൽ ഡിവിഷൻ, കാസർഗോഡ്, (5) ഇലക്ട്രിക്കൽ സെക്ഷൻ, കാസർഗോഡ് എന്നീ ഓഫീസുകൾ കാസർഗോഡ് പ്രദേശത്ത് വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. ഇവയ്ക്ക് നിലവിൽ 37,546 രൂപ പ്രതിമാസ വാടക നൽകുന്നു. ടി വൈദ്യുതി ഭവനം നിലവിൽ വന്നാൽ ടി വാടക ഇനത്തിൽ ഒഴിവാക്കാവുന്നതാണ്.

ജലവൈദ്യുത പദ്ധതികൾ

35(2023) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന വൈദ്യുതി ബോർഡ് നടപ്പിലാക്കുന്ന ജല വൈദ്യുത പദ്ധതികൾക്കായി 2014-15 ബഡ്ജറ്റിൽ എത്ര തുക നീക്കി വയ്ക്കുകയുണ്ടായി ; എത്ര തുക ചെലവഴിക്കുകയുണ്ടായി ;

(ബി) ഏതെല്ലാം പദ്ധതികൾക്ക് എന്തെല്ലാം ആവശ്യങ്ങൾക്കായി എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ 2014-15 ബഡ്ജറ്റിൽ 199.95 കോടി രൂപ നീക്കിവച്ചിരുന്നു. ഇതിൽ 161.02 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) 2014-15 കാലഘട്ടത്തിൽ നിർമ്മാണത്തിലിരുന്ന 13 ജലവൈദ്യുത പദ്ധതികൾക്കായി 140.35 കോടിരൂപയും പുതിയ ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാനായി 20.67 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

കടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ

36(2024) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ പൂഴികോൺ പട്ടികജാതി കുടിവെള്ള പദ്ധതിക്ക് വൈദ്യുതികണക്ഷൻ നൽകുന്നത് സംബന്ധിച്ച് നൽകിയിരുന്ന പരാതിയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കണക്ഷൻ നൽകുന്നതിന് ഭരണപരമോ സാങ്കേതികമോ ആയ തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ ; ഈ ഫയൽ ഇപ്പോൾ ആരുടെ പക്കലാണ് ; ഇതിന്റെ തുടർ നടപടികൾ അറിയിക്കാമോ ?

ഉത്തരം

(എ&ബി) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മുളക്കുളം പഞ്ചായത്തിൽ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ കുടിവെള്ള പദ്ധതിക്കുവേണ്ടി നൽകിയിരുന്ന 22870 എന്ന വൈദ്യുതി കണക്ഷൻ, ബിൽ തുകയായ 41464 രൂപ ഒടുക്കാത്തതിനാൽ 17-3-2009-ൽ വിച്ഛേദിച്ചിട്ടുള്ളതാണ്. കുടിശ്ശിക തുക ഒടുക്കാത്തതിനാൽ വൈദ്യുതി ബന്ധം പുനഃസ്ഥാപിച്ചിട്ടില്ല.

കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ റെഗുലേഷൻ 136 (5) പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ 31-10-2014-ലെ ഉത്തരവ് പ്രകാരം നടപ്പിലാക്കിയ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിവഴി പരിഗണിക്കേണ്ടിയിരുന്ന അപേക്ഷകൾ ബന്ധപ്പെട്ട ഓഫീസുകളിൽ സമർപ്പിക്കേണ്ടിയിരുന്ന സമയപരിധി 1-12-2014 വരെ മാത്രമായിരുന്നത് പിന്നീട് 31-12-2014 വരെ നീട്ടി അനുവദിക്കുകയും ഉണ്ടായി. പ്രസ്തുത കുടിവെള്ള പദ്ധതി വിഷയത്തിൽ കെ.എസ്.ഇ.ബി.-യുടെ ബന്ധപ്പെട്ട ഓഫീസിൽ അപേക്ഷ ലഭിച്ചത് 14-1-2015-ലാണ്. ആയതിനാൽ ടി അപേക്ഷ പരിഗണിക്കാൻ കഴിയാതെ വരികയാണുണ്ടായത്.

കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ റെഗുലേഷൻ 136 (5) പ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടുകൂടി കുറച്ചുകാലത്തേക്ക് മാത്രമേ നടപ്പാക്കാൻ കഴിയൂ. അതിൻപ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആദ്യം 1-12-2014 വരെ അനുവദിക്കുകയും തുടർന്ന് 31-12-2014 വരെ ദീർഘിപ്പിക്കുകയുമാണ് ഉണ്ടായിട്ടുള്ളത്.

വൈപ്പിൻ മണ്ഡലത്തിലെ വൈദ്യുതീകരിക്കാത്ത വീടുകൾ

37(2025) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ മണ്ഡലത്തിൽ വൈദ്യുതീകരിച്ച വീടുകൾ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) വൈദ്യുതീകരിക്കാത്ത എത്ര വീടുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) അവ ഏതൊക്കെ പഞ്ചായത്തുകളിലാണെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly